"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധനാ റിപ്പോർട്ട്- ഏറ്റുമാനൂർ നഗരസഭയിലെ ക്ലാർക്ക് ശ്രീ. എം. മണികണ്ഠൻ, ഓഫീസ് അറ്റൻഡന്റ് ശ്രീ. സെന്തിൽ കുമാർ എന്നിവർക്കെതിരായ അച്ചടക്കനടപടി – തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1260/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/07/2021

പരാമർശം:- 1 വിജിലൻസ് ഡയറക്ടറുടെ 14.12.2017തീയതിയിലെ ഇ7(എസ്.സി.6/17/KTM) 20129/17നമ്പർ കത്ത്

2 11.06.2018 തീയതിയിലെ ഇയു2-225/2018-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.

3 നഗരകാര്യഡയറക്ടറുടെ 07.03.2019 തീയതിയിലെ വി1-14318/2018 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കോട്ടയം യൂണിറ്റ് 04.03.2017-ൽ ഏറ്റുമാനൂർ നഗരസഭയിൽ നടത്തിയ പരിശോധനയിൽ കാഷ്വൽ ലീവ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിരുന്നില്ല, പേഴ്സണൽ ക്യാഷ് ഡിക്ലയർ ചെയ്തിരുന്നില്ല എന്നിങ്ങനെയുള്ള ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ക്ലാർക്ക് ശ്രീ. എം. മണികണ്ഠൻ, ഓഫീസ് അറ്റൻഡന്റ് ശ്രീ. സെന്തിൽ കുമാർ എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. വിജിലൻസ് മിന്നൽ പരിശോധനയിൽ ക്ലാർക്ക് ശ്രീ. എം. മണികണ്ഠൻ, ഓഫീസ് അറ്റൻഡന്റ് ശ്രീ. സെന്തിൽ കുമാർ എന്നിവർ പേഴ്സണൽ ക്യാഷ് ഡിക്ലയർ ചെയ്തിരുന്നില്ലായെന്ന് കണ്ടെത്തിയിരുന്നതിനാലാണ് ടിയാളുകൾക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. ആയതിന് ശ്രീ. എം. മണികണ്ഠന്റെ മറുപടി പ്രകാരം പ്രസ്തുത ദിവസം കെട്ടിട നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പ് കളക്ഷൻ ഡ്യൂട്ടിക്കായി ഓഫീസിനു വെളിയിൽ പോയതിനാൽ കൈവശമുള്ള തുക രേഖപ്പെടുത്താൻ സാധിച്ചില്ലെന്നും തെറ്റ് മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. ശ്രീ. സെന്തിൽ കുമാറിന്റെ മറുപടി പ്രകാരം ഓഫീസ് അറ്റൻഡന്റായി സേവനത്തിൽ പ്രവേശിച്ച ടിയാന് സർവ്വീസ് ചട്ടങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ മൂലവും അന്നേ ദിവസം കെട്ടിട

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പ് കളക്ഷൻ ഡ്യൂട്ടിക്കായി ഓഫീസിനു വെളിയിൽ ഡ്യൂട്ടിക്ക് പോകേണ്ടിവന്നതിനാലുമാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതാൻ സാധിക്കാത്തതെന്ന് മറുപടി നൽകിയിരുന്നു.

4. ജീവനക്കാരുടെ മറുപടിയിൽ നഗരസഭാ സെക്രട്ടറിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്താത്തത് ഗുരുതരമായ കൃത്യവിലോപമാണ്. ആയതിന് ടിയാളുകൾ നൽകിയിട്ടുള്ള മറുപടികൾ പരിഗണിച്ച് ആയത് മാപ്പാക്കാൻ കഴിയുന്നതല്ല. നിലവിൽ ടിയാളുകൾ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്ന് ഏറ്റുമാനൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതായും അറിയിച്ചിരുന്നു. ആയതിനാൽ ഏറ്റുമാനൂർ നഗരസഭയിലെ ജീവനക്കാരായ ക്ലാർക്ക് ശ്രീ. എം. മണികണ്ഠനും ഓഫീസ് അറ്റൻഡന്റ് ശ്രീ. സെന്തിൽ കുമാറിനും ചട്ടപ്രകാരമുള്ള ശിക്ഷകൾ നൽകാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും കുറ്റാരോപണ മെമ്മോയുടെയും ആയതിന് ശ്രീ. എം. മണികണ്ഠൻ, ശ്രീ. സെന്തിൽ കുമാർ എന്നിവർ സമർപ്പിച്ച മറുപടിയുടെയും നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലും പരിശോധിച്ചതിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാതിരുന്നതിനാണ് നഗരസഭയിലെ ജീവനക്കാരായ ശ്രീ. എം. മണികണ്ഠൻ, ശ്രീ. സെന്തിൽ കുമാർ എന്നിവർക്കെതിരെ ലഘുശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിട്ടുള്ളത്. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരുടെ വിശദീകരണം പരിശോധിച്ചതിലും മന:പൂർവ്വമല്ലാത്ത വീഴ്ച ടിയാളുകളുടെ ഭാഗത്ത് ഉണ്ടായിട്ടുള്ളതായി കാണുന്നു.

6. മേൽ സാഹചര്യത്തിൽ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ നഗരസഭയിലെ ജീവനക്കാരായ ക്ലാർക്ക് ശ്രീ. എം. മണികണ്ഠൻ, ഓഫീസ് അറ്റൻഡന്റ് ശ്രീ. സെന്തിൽ കുമാർ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി, മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് ടിയാളുകൾക്ക് "സെൻഷർ"(ശാസന) നൽകിക്കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. എം. മണികണ്ഠൻ, ക്ലാർക്ക്, ഏറ്റുമാനൂർ നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. സെന്തിൽ കുമാർ, ഓഫീസ് അറ്റൻഡന്റ്, ഏറ്റുമാനൂർ നഗരസഭ
( നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ